**Mathrubhumi**
**Octpber 2, 2008**

# പാത്രിയർക്കീസ് ബാവായുടെ സന്ദർശനത്തിന് ഭദ്രാസനം ഒരുങ്ങി

**കോട്ടയം:**വിശ്വാസികളുടെ ആത്മീയ തേജസും കരുത്തും ഉണർത്തി ആകമാന സുറിയാനി സഭയുടെ പരമാധ്യക്ഷൻ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ വീണ്ടും എത്തുന്നു. അദ്ദേഹത്തിൻെറ സന്ദർശനത്തിനായി കോട്ടയം ഭദ്രാസനം ഒരുങ്ങുകയാണ്. സ്വീകരണത്തിനുള്ള ക്രമീകരണങ്ങളും മറ്റും ആരംഭിച്ചു.

ഒക്ടോബർ 17ന് എറാകുളത്ത് എത്തുന്ന ബാവാ, രണ്ടുദിവസം കോട്ടയം ഭദ്രാസനത്തിലെ പാണംപടി മർത്തമറിയംപള്ളി, മണർകാട് മർത്ത മറിയം പള്ളി, പുതുപ്പള്ളി സെൻറ് ജോർജ് പാത്രയർക്കൽ പള്ളി, കുമരകം സെൻറ് ജോൺസ് പള്ളി എന്നിവിടങ്ങളിൽ സന്ദർശനം നടത്തും.

യാക്കോബായ സുറിയാനി സഭയുടെ മലങ്കര മെത്രാപ്പോലീത്തയായിരുന്ന പൗലോസ് മാർ കൂറിലോസിനെ പാണംപടി മർത്ത മറിയം പള്ളിയിൽവെച്ച് സഭയിലെ വിശുദ്ധന്മാരുടെ പദവിയിലേക്ക് ഉയർത്തും. പുതുപ്പള്ളി സെൻറ് ജോർജ് പാത്രിയർക്കൽ ദേവാലയത്തിൻെറ കൂദാശയും ബാവ നിർവ്വഹിക്കും.



ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവയുടെ മലങ്കര സന്ദർശനത്തോടനുബന്ധിച്ച് കോട്ടയം ഭദ്രാസനതലത്തിലുള്ള സ്വാഗത സംഘം ഓഫീസിൻെറ ഉദ്ഘാടനം കോട്ടയം സെൻറ് ജോസഫ് കത്തീഡ്രലിൽ ഇടവക മെത്രാപ്പോലീത്ത തോമസ് മോർ തീമോത്തിയോസ് നിർവ്വഹിക്കുന്നു

ഒരുക്കങ്ങൾ വിലയിരുത്താൻ ചേർന്ന യോഗത്തിൽ ഭദ്രാസന മെത്രാപ്പോലീത്ത തോമസ് മാർ തിമോത്തിയോസ് അധ്യക്ഷത വഹിച്ചു. സഭാ പബ്ലിസിറ്റി കൺവീനർ മാത്യൂസ് മാർ അപ്രേം മെത്രാപ്പോലീത്ത, കുറിയാക്കോസ് മൂലയിയിൽ കോറെപ്പിസ്കോപ്പ, ഷെവലിയർ ബിബി എബ്രഹാം കടവുംഭാഗം, മനോജ് മാത്യു എന്നിവർ സംബന്ധിച്ചു.

ശ്രേഷ്ഠ കാതോലിക്കാ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവായുടെ പൗരോഹിത്യ സുവർണ്ണ ജൂബിലിയാഘോഷ സമാപനത്തിൻെറ ഭാഗമായി ഒക്ടോബർ 19ന് എറണാകുളം മറൈൻ ഡ്രൈവിൽ നടക്കുന്ന സമ്മേളനത്തിൽ കോട്ടയം ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളിലും നിന്ന് വിശ്വാസികൾ പങ്കെടുക്കുന്നതിനുള്ള ക്രമീകരണവും യോഗം ചർച്ച ചെയ്തു.

പബ്ലിസിറ്റി കമ്മിറ്റി കോട്ടയം ഭദ്രാസന ഭാരവാഹികളായി റവ. ഫാ. കുറിയാക്കോസ് മണലേൽച്ചിറ (കൺവീനർ), സി.എം. കുര്യൻ ചാലക്കുഴി, കുര്യച്ചൻ കറുകച്ചേരിൽ എന്നിവരെ തിരഞ്ഞെടുത്തു.

ഭദ്രാസന സെക്രട്ടറി റവ. ഫാ. കുറിയാക്കോസ് കോറെപ്പിസ്കോപ്പ കിഴക്കേടത്ത്, വൈദിക സെക്രട്ടറി റവ. ഫാ. തോമസ് പരിയാക്കൽ, റവ. ഫാ. ജേക്കബ് കോവിടത്തുശ്ശേരി, റവ. ഫാ. തോമസ് കണ്ടാന്തറ, റവ. ഫാ. മർക്കോസ് പണിക്കരുപറമ്പിൽ, ഷെവലിയാർ ഉമ്മച്ചൻ വേങ്കടത്ത് എന്നിവർ സംസാരിച്ചു.

പാത്രിയാർക്കീസ് ബാവായുടെ മലങ്കര സന്ദർശനത്തോടനുബന്ധിച്ച് കോട്ടയം ഭദ്രാസനതലത്തിലുള്ള ഓഫീസിൻെറ ഉദ്ഘാടനം കോട്ടയം സെൻറ് ജോസഫ് കത്തീഡ്രലിൽ ഇടവക മെത്രാപ്പോലീത്ത തോമസ് മോർ തിമോത്തിയോസ് നിർവഹിച്ചു.

എറണാകുളത്ത് 19ന് നടക്കുന്ന ശ്രേഷ്ഠ ബാവായുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷങ്ങളും കോട്ടയം ഭദ്രാസനതലത്തിലുള്ള പരിപാടികളും വിജയിപ്പിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഭദ്രാസന സെക്രട്ടറി കിഴക്കേടത്ത് കുര്യാക്കോസ് കോറെപ്പിസ്കോപ്പ, ഇട്ടിയേടത്ത് കുര്യാക്കോസ് കോറെപ്പിസ്കോപ്പ, മൂലയിൽ കുര്യാക്കോസ് കോറെപ്പിസ്കോപ്പ, കോതകേരിൽ എബ്രഹാം കോറെപ്പിസ്കോപ്പ, ഫാ. കുര്യാക്കോസ് മണലേൽച്ചിറ, ഫാ. തോമസ് കണ്ടാന്തറ, ഷെവ ബിബി എബ്രഹാം, ഷെവ ടി.സി. തോമസ്, ഷെവ ഉമ്മച്ചൻ വേങ്കടത്ത്, സി.എം. കുര്യൻ, മനോജ് മാത്യു എന്നിവർ പ്രസംഗിച്ചു.